ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ ഭീമനടി വില്ലേജിലെ കമ്മാടം കാവിന്റെ ഭൂമി കയ്യേറിയ നടപടി

241 [2295] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഭീമനടി വില്ലേജിലെ കമ്മാടം കാവിന്റെ ഭൂമി സ്വകാര്യവ്യക്തി കൈയ്യേറിയതു സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദവിവരം നൽകാമോ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി ആന്റ് സി) കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ ഭീമനടി വില്ലേജിൽ റീ. സ. നം. 553-ൽപ്പെട്ട് ആകെ 54.77 ഏക്കർ ഭൂമിയിൽ ശ്രീ. മാത്യൂ കാടംകാവിൽ, ശ്രീ. ജോസ് മൈക്കിൾ, ശ്രീ. കുര്യാക്കോസ് കുര്യാലംപുഴ എന്നിവർ യഥാക്രമം 1.67 ഏക്കർ, 1.33 ഏക്കർ, 1.25 ഏക്കർ വീതം ഭൂമി കൈയ്യേറി വിലപ്പെട്ട അനുഭവങ്ങൾ ഉണ്ടാക്കുകയും മേൽ സ്ഥലം പതിച്ച് കിട്ടുന്നതിന് അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. റവന്യൂ രേഖകൾ പ്രകാരം മേൽ സ്ഥലം അന്യാധീനവും ജനറൽ അസൈൻമെന്റിന് വേണ്ടി നീക്കിവച്ചിരിക്കുന്നതുമായ റവന്യൂ ഭൂമിയാണ്. കയ്യേറ്റക്കാർ മേൽ ഭൂമിയിൽ വിലപ്പെട്ട അനുഭവങ്ങൾ ഉണ്ടാക്കിയിരിക്കുന്നതിനാൽ പ്രസ്തുത സ്ഥലം കമ്പോളവില ഈടാക്കി പതിച്ച് നൽകുന്നതിന് 13-4-94-ൽ അന്നത്തെ സ്പെഷ്യൽ തഹസിൽദാർ പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ മേൽസ്ഥലം കമ്മാടം കാവിന് തൊട്ട് കിടക്കുന്നതും കമ്മാടം ശ്രീ ഭഗവതീക്ഷേത്രവുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ടതാകയാലും മേൽ സ്ഥലം പതിച്ച് നൽകരുതെന്ന് കാണിച്ച് കമ്മാടം ശ്രീ ഭഗവതീക്ഷേത്ര സംരക്ഷണസമിതി പരാതി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കയ്യേറ്റക്കാർക്ക് ഭൂമി പതിച്ച് നൽകുന്നത് താൽക്കാലികമായി നിർത്തിവച്ചിരിക്കുകയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly